# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481– 2731020, 2732650**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/74/2018 2018 ഏപ്രിൽ 13

## പത്രക്കുറിപ്പ്

**എം.ജി.യിൽ കുടിവെള്ള സംഭരണി പദ്ധതികൾ പൂർത്തിയായി**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ കുടിവെള്ള ക്ഷാമത്തിന് ശ്വാശത പരിഹാരമാകുന്ന കുടിവെള്ള സംഭരണ പദ്ധതികൾ വിജയകരമായി പൂർത്തിയാക്കി. 27 ലക്ഷം രൂപ മുടക്കി സർവ്വകലാശാലാ സ്പോർട്സ് ഗ്രൗണ്ടിന് സമീപം നിർമ്മിച്ച കുളത്തിൽ നിന്നും കുടിവെള്ളം സംഭരിക്കും ഇതിന് പുറമെ സർവ്വകലാശാലയിലെ ചെക്ക് ഡാമിന് സമീപം പൂർത്തീകരിച്ച 250 മീറ്റർ താഴ്ച്ചയുള്ള കുഴൽ കിണറിൽ നിന്നും 50000 ലിറ്റർ കുടിവെള്ളവും സംഭരിക്കൻ സാധിക്കും. ഇവയ്ക്ക് പുറമെ രണ്ട് കുഴൽ കിണറുകൾ കൂടി കാമ്പസിൽ പൂർത്തിയായി. രണ്ടരകോടി ലിറ്റർ മഴവെള്ളം സംഭരിക്കുന്നതിന് രവീന്ദ്രസരോവരം നവീകരിക്കുന്നതിനുള്ള പദ്ധതിയും ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. ഈ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കിയതുമൂലം ഈ വർഷം സർവ്വകലാശാലയ്ക്ക് ടാങ്കറുകളിൽ കുടിവെള്ളം എത്തിക്കേണ്ടിവന്നില്ല. ഈ ഇനത്തിൽ 35 ലക്ഷം രൂപ സർവ്വകലാശാലയ്ക്ക് ലാഭിക്കാനായി. സിൻഡിക്കേറ്റിൻെറ പ്ലാനിംഗ് ആൻറ് ഡവലപ്മെൻറ് കമ്മറ്റി കൺവീനർ ഡോ. കെ.കൃഷ്ണദാസ്, ഫിനാൻസ് കമ്മിറ്റി കൺവീനർ ഡോ. കെ. ഷെറഫുദ്ദീൻ, സർവ്വകലാശാലാ എഞ്ചിനീയർ ജോസ് വർഗ്ഗീസ് എന്നിവർ ഈ ജലസംഭരണികൾ സന്ദർശിച്ച്, സംഭരണശേഷിയും പരിസര ശുചീകരണവും ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾക്ക് നേതൃത്വം നൽകി. വരും വർഷങ്ങളിൽ ജലസംഭരണശേഷി വർദ്ധിപ്പിക്കുവാൻ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുമെന്ന് സിൻഡിക്കേറ്റ് അംഗങ്ങൾ അറിയിച്ചു.

**അടിക്കുറിപ്പ്**

**മഹാത്മാഗാന്ധി സർവ്വകലാശാലയിൽ കുടിവെള്ള സംഭരണത്തിനായി പുതുതായി നിർമ്മിച്ച കുളത്തിൻെറ ദൃശ്യം**

**ഇൻറർനെറ്റ് കഫേയിൽ ബിരുദസർട്ടിഫിക്കറ്റ് അപേക്ഷ: സിൻഡിക്കേറ്റ് സമിതി അന്വേഷിക്കും.**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും ബിരുദസർട്ടിഫിക്കറ്റുകൾ വേഗത്തിൽ ലഭ്യമാക്കാമെന്ന് വാഗ്ദാനം നൽകി കഫേ ഉടമ അനധികൃതമായി അപേക്ഷകളും പണവും കൈപ്പറ്റിയെന്ന വിദ്യാർഥികളുടെ പരാതിയിൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ സിൻഡിക്കേറ്റ് സമതിയെ നിയോഗിച്ചു. സിൻഡിക്കേറ്റംഗങ്ങളായ ഡോ. ആർ. പ്രഗാഷ്, ഡോ. കെ. ഷെറഫുദ്ദീൻ എന്നിവർ വിശദമായ അന്വേഷണം നടത്തി, ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

**എൽ.എൽ.ബി പരീക്ഷ മാറ്റി**

ഏപ്രിൽ 18 ന് നടത്താൻ നിശ്ചയിച്ചിരുന്ന എട്ടാം സെമസ്റ്റർ ബി.എ (ക്രിമിനോളജി) എൽ.എൽ.ബി (ഓണേഴ്സ്) ബി.ബി.എ.എൽ.എൽ.ബി(ഓണേഴ്സ്,റഗുലർ) ബി.കോമെൽ.എൽ.ബി(ഓണേഴ്സ്,റഗുലർ) എന്നീ പരീക്ഷകളുടെ 'ആൾട്ടർനേറ്റ് ഡിസ്പ്യൂട്ട് റെസൊലൂഷൻ' എന്ന പേപ്പറിൻെറ പരീക്ഷ മാറ്റിവെച്ചു. ഏപ്രിൽ 9 ന് നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ ബി.എ (ക്രിമിനോളജി) എൽ.എൽ.ബി (ഓണേഴ്സ്) ബി.ബി.എ.എൽ.എൽ.ബി(ഓണേഴ്സ്), ബി.കോമെൽ.എൽ.ബി(ഓണേഴ്സ്) എന്നീ പരീക്ഷകളുടെ 'വിമെൺ ആൻറ് ലോ' എന്ന പേപ്പറിൻെറ പരീക്ഷ ഏപ്രിൽ 24 ന് നടത്തുന്നതിനായി പുതുക്കി നിശ്ച്ചയിച്ചു.

**അപേക്ഷാ തീയതി**

നാലാം സെമസ്റ്റർ എം.എസ്.സി. മോളിക്യുലാർ ബയോളജി ആൻറ് ജനറ്റിക്ക് എഞ്ചിനീയറിംഗ് കോഴ്സിൻെറ പ്രോജക്ട് മൂല്യനിർണ്ണയത്തിനും വൈവാവോസിക്കും പിഴയില്ലാതെ ഏപ്രിൽ 18 വരെയും 50 രൂപ പിഴയോടെ 20 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 23 വരെയും അപേക്ഷിക്കാം.

ആറാം സെമസ്റ്റർ ഡി.ഡി.എം.സി.എ.(2015 അഡ്മിഷൻ റഗുലർ/ 2014 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷ മെയ് 8 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഏപ്രിൽ 16 വരെയും 50 രൂപ പിഴയോടെ 17 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 19 വരെയും സ്വീകരിക്കും.

**<u>വൈവാവോസി</u>**

ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.എ ഇംഗ്ലീഷ് കോർ (സി.ബി.സി.എസ്.എസ്,മോഡൽ 1&2,റഗുലർ/റീഅപ്പിയറൻസ്) മാർച്ച് 2018 പരീക്ഷയുടെ പ്രോജക്ട്/വൈവാവോസി എന്നിവ ഏപ്രിൽ 17 മുതൽ അതാത് കേന്ദങ്ങളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ് സൈറ്റിൽ ലഭ്യമാണ്.

ആറാം സെമസ്റ്റർ ബി.എ. ഹിസ്റ്ററി (സി.ബിസി.എസ്.എസ്) മാർച്ച് 2018 പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണ്ണയവും വൈവാവോസിയും ഏപ്രിൽ 18 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ് സൈറ്റിൽ ലഭ്യമാണ്.

ആറാം സെമസ്റ്റർ ബി.എസ്.സി സൈക്കോളജി (സി.ബി.സി.എസ്.എസ്, റഗുലർ/സപ്ലിമെൻററി/ഇംപ്രൂവ്മെൻറ്) മാർച്ച് 2018 പരീക്ഷയുടെ പ്രാക്ടിക്കലും പ്രോജക്ട് മൂല്യനിർണ്ണയവും വൈവവോസിയും ഏപ്രിൽ 13 മുതൽ വിവിധ കോളേജുകളിൽ വെച്ച് നടത്തപ്പെടും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ് സൈറ്റിൽ ലഭ്യമാണ്.

**<u>പരീക്ഷാ ഫലം</u>**

തിരുവല്ല മാക്ഫാസ്റ്റിൽ നടത്തിയ ആറാം സെമസ്റ്റർ എം.സി.എ. (റഗുലർ/ലാറ്ററൽ എൻട്രി) പരീക്ഷയുടെ വൈവവോസി പുന പരീക്ഷയിൽ പങ്കെടുത്ത വിദ്യാർഥികളുടെ പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**